"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഭാഗ്യക്കുറി ടിക്കറ്റുകളിലെ സെക്യൂരിറ്റി ഫീച്ചേഴ്സ് തയ്യാറാക്കുന്നതിന് സി-ഡിറ്റുമായുള്ള കരാർ പുതുക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.480/2026/TAXES    തീയതി,തിരുവനന്തപുരം, 11-06-2026

---

പരാമർശം:-

1. 24.04.2017-ലെ ജി.ഒ.(ആർടി) നം.329/2017/ടിഡി
2. 01.09.2022-ലെ ജി.ഒ.(ആർടി)നം.683/2022/ടാക്സസ്
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 15.07.2025, 21.02.2026, 12.03.2026 തീയതികളിലെ SLTY/2731/2024-PR1 നമ്പർ കത്തുകൾ
4. 19.12.2025, 26.02.2026-ലെ TAXES-H1/219/2025-TAXES നമ്പർ സർക്കാർ കത്തുകൾ

**ഉത്തരവ്**

സംസ്ഥാന ഭാഗ്യക്കുറിയുടെ സെക്യൂരിറ്റി ഫീച്ചേഴ്സ് വർദ്ധിപ്പിക്കുന്നതിനായി സി-ഡിറ്റുമായി ചേർന്ന് ഒരു സെക്യൂരിറ്റി ഡിസൈൻ ലാബ് ആരംഭിക്കുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കിയിരുന്നു. ഇതിനായി സി-ഡിറ്റുമായി ഏർപ്പെട്ടിരുന്ന കരാർ അവസാനിച്ചതിന്റെ അടിസ്ഥാനത്തിൽ, ഭാഗ്യക്കുറി ടിക്കറ്റുകളിലെ സെക്യൂരിറ്റി ഫീച്ചേഴ്സ് തയ്യാറാക്കുന്നതിന് സി-ഡിറ്റുമായുള്ള കരാർ പുതുക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു.

2. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 26.08.2023-ന് ഏർപ്പെട്ട കരാറിന്റെ കാലാവധി 09.08.2024-ന് അവസാനിച്ചിട്ടുണ്ടെന്നും പുതിയ കരാറിൽ ഏർപ്പെടുന്നതിന് അനുമതി നല്കണമെന്നും അഭ്യർത്ഥിച്ച് പരാമർശം (3)-ലെ 15.07.2025 തീയതിയിലെ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിരുന്നു. പ്രസ്തുത ശിപാർശയോടൊപ്പം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയിരുന്ന കരട് കരാറിലെ Financial Estimate clause-ലെ ഇനം (1) Design, Customization and incorporation charges for unique security features in the lottery ticket at the premises of C-DIT, ഇനം (2) Electricity, Internet, Consumable and Stationary Items charges എന്നിവയിലെ വർദ്ധനവ് മുൻ കരാറിലേതിൽ നിന്നും 10% ആയി നിജപ്പെടുത്താനും ഇനം (5) Travel & Accommodation expenses പൂർണ്ണമായി ഒഴിവാക്കാനും പരാമർശം (4) ലെ 19.12.2025 തീയതിയിലെ കത്ത് പ്രകാരം നിർദ്ദേശം നല്കുകയുണ്ടായി.

3. തുടർന്ന്. Design, Customization and incorporation charges for unique security features in the lottery tickets at the premises of C-DIT എന്ന ഇനത്തിലെ വർദ്ധനവ് 10% ആയി നിജപ്പെടുത്തിയ കരട് കരാർ പരാമർശം (3)-ലെ 21.02.2026 തീയതിയിലെ കത്ത്

പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. സർക്കാർ നിർദ്ദേശിച്ചതു പ്രകാരമുള്ള ഭേദഗതികൾ വരുത്തിയ കരട് കരാർ ലഭ്യമാക്കുകയോ അല്ലെങ്കിൽ **Electricity, Internet, Consumable and Stationary Items charges** എന്ന ഇനത്തിലെ വർദ്ധനവ് സർക്കാർ നിർദ്ദേശത്തിനനുസൃതമായി പുതുക്കാത്തതിന്റെ കാരണം വ്യക്തമാക്കുകയോ ചെയ്യാൻ പരാമർശം (4) ലെ 26.02.2026 തീയതിയിലെ കത്ത് പ്രകാരം വീണ്ടും സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് നിർദ്ദേശം നല്കുകയുണ്ടായി. ഇതിന് പരാമർശം (3) ലെ 12.03.2026 തീയതിയിലെ കത്ത് പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ ലഭ്യമാക്കിയ മറുപടിയിൽ ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ പ്രവർത്തിച്ചിരുന്ന സെക്യൂരിറ്റി ഡിസൈൻ ലാബ് ഭാഗ്യക്കുറി ഡയറക്ടറുടെ കാബിൻ നവീകരണവുമായി ബന്ധപ്പെട്ട് 2023 ജൂൺ മാസത്തിൽ താൽക്കാലികമായി തിരുവല്ലത്തുള്ള സി-ഡിറ്റിന്റെ ആസ്ഥാനത്തേക്ക് മാറ്റിയിരുന്നുവെന്നും ഇത് C DIT-ൽ ലഭ്യമായ വിപുലമായ സാങ്കേതിക വിദഗ്ധരുടെ സേവനം കൂടുതൽ ഫലപ്രദമായി വിനിയോഗിക്കാൻ സഹായകമാവുകയും ഡയറക്ടറേറ്റിൽ പ്രവർത്തിച്ചിരുന്ന ലാബിനേക്കാൾ കൂടുതൽ സുരക്ഷാ മാനദണ്ഡങ്ങൾ C-DIT ആസ്ഥാനത്ത് ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിൽ സെക്യൂരിറ്റി ഡിസൈൻ ലാബ് തിരുവനന്തപുരം ജില്ലയിലെ തിരുവല്ലത്തുള്ള സി-ഡിറ്റിന്റെ ആസ്ഥാനത്ത് തന്നെ തുടരാൻ തീരുമാനിക്കുകയുണ്ടായിയെന്നും സെക്യൂരിറ്റി ഡിസൈൻ ലാബ് സി-ഡിറ്റ് ആസ്ഥാനത്ത് നിലനിർത്തുമ്പോൾ ഉണ്ടാകുന്ന സ്റ്റാറ്റിക് ഐപി അടക്കമുള്ള ഹൈ സ്പീഡ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ, സെക്യൂരിറ്റി സംവിധാനങ്ങൾക്കാവശ്യമായ അഡോബ്, കോറൽ ഡ്രോ എന്നീ സോഫ്റ്റ് വെയറുകളുടെ സബ്സ്ക്രിബ്ഷൻ ചെലവുകളും, സെക്യൂരിറ്റി സംവിധാനങ്ങളുടെ പരിശോധനയ്ക്കാവശ്യമായ ലേസർ പ്രിന്റർ, സെക്യൂരിറ്റി ലാബിലേക്കാവശ്യമായ മറ്റ് അനുബന്ധ സാമഗ്രികൾക്കും, വൈദ്യുതി ഉപഭോഗം ഉൾപ്പെടെയുള്ള പ്രവർത്തന ചെലവുകൾക്കുമായാണ് **Financial Estimate** clause-ലെ ഇനം (2) **Electricity, Internet, Consumable and Stationary Items charges** പ്രതിമാസം ₹15,000/- നിരക്ക് നിശ്ചയിച്ചിട്ടുള്ളതെന്നും ഇത് കഴിഞ്ഞ കരാറിൽ നിന്നുള്ള ശതമാനാടിസ്ഥാനത്തിലുള്ള വർദ്ധനവല്ല, മറിച്ച് യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിലുള്ള നിരക്കാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറിയുടെ സെക്യൂരിറ്റി ഫീച്ചേഴ്സ് തയ്യാറാക്കുന്നതിനായി, കരാറിന്റെ **Financial Estimate Clause**-ൽ ചുവടെപ്പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തി, കരാർ ഒപ്പു വയ്ക്കുന്ന തീയതി മുതൽ രണ്ട് വർഷത്തേയ്ക്ക് പ്രാബല്യം വരുന്ന തരത്തിൽ സി-ഡിറ്റുമായി കരാറിലേർപ്പെടുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| RECURRING COST FOR ONE YEAR | | |
|---|---|---|
| **No.** | **Particulars** | **Cost per annum (in ₹)** |
| 1. | Design, Customize and incorporation charges for unique security features in the lottery tickets at the premises of C-DIT @ ₹96,800/- per month | 11,61,600.00 |
| 2. | Electricity, Consumables and Stationary Items Charges @ ₹15,000/- per month (including High Speed Broadband Internet Facility with Static IP for LOTIS, Laser Printer Support for Test printing and checking of all Security | 1,80,000.00 |

| | | |
|---|---|---|
| | Features, Adobe and Corel Draw software subscription licensee fee) | |
| 3. | Expert authentication training charges @ ₹10,000/- per day ( for 50 days in a year) at actuals | 5,00,000.00 |
| 4. | Expert forensic examination and Cout-Ready Evidence and Reports preparation charges @₹10,000/- per day ( for 50 days in a year) at actuals | 5,00,000.00 |
| 5. | **TOTAL ( 1 to 4)** | **23,41,600.00** |
| 6. | **Goods and Services Tax @ 18%** | **4,21,488.00** |
| 7. | **GRAND TOTAL(5+6)** | **27,63,088.00** |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**KABEER C A**

അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ കാര്യാലയം (വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ധനകാര്യ വകുപ്പ് (25.04.2026-ലെ E-432760/Exp.B3/158/2017-Fin പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി (TAXES-H1/219/2025-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 11-06-2026 14:44:36

സെക്ഷൻ ഓഫീസർ